പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം—സർക്കാർ പദ്ധതികൾ
എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട്)

2014 ഡിസംബർ 12-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം—സർക്കാർ പദ്ധതികൾ എന്ന
വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട്)

1495/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യു

„ ഇ. പി. ജയരാജൻ

„ സി. മോയിൻകുട്ടി

„ എസ്. ശർമ്മ

„ എം. വി. ശ്രേയാംസ് കുമാർ

„ പി. തിലോത്തമൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

# അവതാരിക

"ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം—സർക്കാർ പദ്ധതികൾ" എന്ന വിഷയം സംബന്ധിച്ച് വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം വിപുലമായ പൊതുതാൽപ്പര്യാർത്ഥം സർക്കാർ പ്രവർത്തനങ്ങളുടെ നിർദ്ദിഷ്ട വ്യാപ്തിയേയോ അല്ലെങ്കിൽ പൊതുക്ഷേമത്തെ ലാക്കാക്കിയുള്ള പദ്ധതിയേയോ ആസൂത്രണത്തേയോ, സംരംഭത്തേയോക്കുറിച്ചു പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്. ആയതുപ്രകാരം "ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം—സർക്കാർ പദ്ധതികൾ" എന്ന വിഷയത്തിന്മേൽ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുമായി 11-12-2013-ലെ യോഗത്തിൽ സമിതി നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2014 നവംബർ 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2014 നവംബർ 26.

# റിപ്പോർട്ട്

സംസ്ഥാനത്തിന്റെ സത്വര സാമ്പത്തിക വളർച്ചയ്ക്ക് കരുത്തു പകരുന്ന രീതിയിലുള്ള പ്രകടമായ മാറ്റങ്ങൾ കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ ദൃശ്യമായി തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ മൃഗസംരക്ഷണം ഇന്ന് ഉപതൊഴിൽ എന്ന സ്ഥിതിയിൽ നിന്ന് ഉപജീവനമാർഗ്ഗമെന്ന സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. പാൽ, മുട്ട, മാംസം എന്നിവയുടെ ആളോഹരി ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വർദ്ധിച്ചു വരുന്ന അന്തരം വ്യക്തമാക്കുന്നത് ഈ രംഗത്തുള്ള അനന്തസാധ്യതകളെയാണ്. 94 ശതമാനത്തിലധികം സങ്കരയിനം കറവമാടുകൾ, പഞ്ചായത്തുതോറുമുള്ള മൃഗചികിത്സാശൃംഖല, രോഗനിയന്ത്രണത്തിനുള്ള വിപുലമായ പദ്ധതികൾ, വിപുലമായ രോഗനിർണ്ണയ സൗകര്യങ്ങൾ, സുസജ്ജമായ ബയോളജിക്കൽ യൂണിറ്റ്, ഉൽപ്പാദനശേഷി കൂടിയ മികച്ചയിനം കറവപ്പശുക്കളെയും എരുമകളെയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, മേൽത്തരം ബീജം ഉൽപ്പാദിപ്പിക്കപ്പെടുന്ന 'എ' ഗ്രേഡ് സെമൻ ബാങ്കുകൾ, കോഴിമുട്ട ഉൽപ്പാദനത്തിനും വിതരണത്തിനുമുള്ള മികച്ച സംവിധാനങ്ങൾ, സംഭരണ മേഖലയുടെ സജീവ സാന്നിധ്യം തുടങ്ങിയവ കേരളത്തിലെ മൃഗസംരക്ഷണ മേഖലയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

2. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട വ്യാവസായിക സംരംഭങ്ങളിലേക്ക് ഇന്ന് കൂടുതൽ പേർ ആകർഷിക്കപ്പെടുന്നു. വനിതാ സ്വയം സഹായ സംഘങ്ങൾ ഈ രംഗത്ത് സജീവമാണ്. പശുക്കളെ വളർത്തുന്ന നിരവധി ഡെയറി യൂണിറ്റുകൾ സംസ്ഥാനത്തുണ്ട്. വീട്ടുമുറ്റത്തെ കോഴി വളർത്തൽ, വ്യാവസായികാടിസ്ഥാനത്തിലുള്ള കോഴി വളർത്തൽ, ഇറച്ചിക്കോഴി വിപണി എന്നിവയും സജീവമാണ്.

3. സംയോജിത, സമ്മിശ്ര, ജൈവ രംഗങ്ങളിലെ സാധ്യതകളും വർദ്ധിച്ചു വരികയാണ്. പുതിയ മേഖലകളായ തുകൽ സംസ്ക്കരണം, ശാസ്ത്രീയ ഇറച്ചി സംസ്ക്കരണം, ജന്തുജന്യരോഗനിയന്ത്രണം തുടങ്ങിയവയും പ്രാധാന്യമർഹിക്കുന്നു. ഓമന മൃഗങ്ങൾ, അലങ്കാര പക്ഷികൾ എന്നിവയുടെ വിപണന സാദ്ധ്യതയും വർദ്ധിച്ചു വരുന്നു. ഫാം ടൂറിസം മേഖലയും വലിയതോതിൽ ജനശ്രദ്ധ ആകർഷിക്കുന്നു.

4. മേൽപ്പറഞ്ഞ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പരമ്പരാഗത രീതികളിൽ കാലോചിത മാറ്റം വരുത്തി നവീന സാങ്കേതികവിദ്യ സ്വായത്തമാക്കേണ്ടതും ജന്തുജന്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംസ്ക്കരണം, കയറ്റുമതി തുടങ്ങിയ മേഖലകളിൽ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടതും മാംസം, പാൽ ഉൽപ്പന്ന മേഖലകളിൽ ഉൽപ്പാദനം മുതൽ വിപണനം വരെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും ഉപഭോക്തൃ താൽപ്പര്യമനുസരിച്ച് ഉൽപ്പന്ന നിർമ്മാണം നടത്തേണ്ടതും അത്യാവശ്യമാണ്.

5. മുഴുവൻ പഞ്ചായത്തുകളിലും മൃഗചികിത്സാ കേന്ദ്രങ്ങളും കൃത്രിമ ബീജധാന കേന്ദ്രങ്ങളും ഉള്ള ഏക സംസ്ഥാനമാണ് കേരളം. ഡെയറി ഫാമുകൾ, കോഴി വളർത്തൽ ഫാമുകൾ, പന്നി വളർത്തൽ കേന്ദ്രങ്ങൾ, ആടു വളർത്തൽ യൂണിറ്റ്, ടർക്കി വളർത്തൽ കേന്ദ്രം, താറാവ് വളർത്തൽ ഫാം, ബയോളജിക്കൽ പ്രൊഡക്ഷൻ യൂണിറ്റ്, രോഗാന്വേഷണ ലബോറട്ടറികൾ, കർഷക പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവയും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

6. ശാസ്ത്രീയമായി കന്നുകുട്ടികളെ സംരക്ഷിക്കുന്നതിനുള്ള കന്നുകുട്ടി പരിപാലന പദ്ധതി, രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള ഗോരക്ഷാ പ്രോജക്ട്, ചെക്ക് പോസ്റ്റുകൾ, ഊർജ്ജിത കന്നുകാലി വികസന പദ്ധതി തുടങ്ങിയവയ്ക്ക് പ്രത്യേക ഭരണസംവിധാനങ്ങളുണ്ട്.

7. ക്ഷീരവികസന വകുപ്പ്, കേരള കന്നുകാലി വികസന ബോർഡ്, കേരള ഫീഡ്സ്, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, എം.പി.ഐ., സഹകരണ ക്ഷീര വിപണന ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ചും പദ്ധതികൾ സംയോജിപ്പിച്ചും മൃഗസംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നു. സംസ്ഥാനാ വിഷ്കൃത പദ്ധതിക്ക് പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികൾ, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, കുട്ടനാട്/ഇടുക്കി മേഖലകൾക്കുള്ള പ്രത്യേക പാക്കേജുകൾ, രാഷ്ട്രീയ കൃഷി വികാസ് യോജന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തുടങ്ങിയവയും വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

8. ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണ മേഖല നല്ലൊരു പങ്കാണ് വഹിക്കുന്നത്. കർഷകർ, കർഷകത്തൊഴിലാളികൾ, വീട്ടമ്മമാർ, അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ, ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവർ തുടങ്ങിയവർക്കു തൊഴിൽ നൽകുകയും ഗ്രാമീണ സമ്പദ്ഘടനയെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിൽ മൃഗസംരക്ഷണ മേഖല മുന്നിൽ നിൽക്കുന്നു.

9. കുറഞ്ഞ മുതൽമുടക്കിൽ നിന്നും എത്രയും വേഗം ആദായം ലഭിക്കുമെന്നതാണ് ഈ മേഖലയുടെ പ്രത്യേകത. ഊർജ്ജിത മൃഗസംരക്ഷണ പ്രവർത്തനങ്ങളിലൂടെ പ്രകടമായ സാമ്പത്തിക-സാമൂഹിക നേട്ടങ്ങൾ കൈവരിക്കുന്നതിന് കർഷക സമൂഹത്തിനും സാധിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ രൂപീകരിച്ച പല ബൃഹദ്പദ്ധതികളും പ്രത്യക്ഷമായോ പരോക്ഷമായോ കർഷകർക്ക് ഉപജീവനമാർഗ്ഗമായി തീർന്നിരിക്കുന്നു.

## മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ

### എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രി

10. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സർക്കാർ മൃഗാശുപത്രികളുണ്ട്. ഇതിലൂടെ കർഷകരുടെ ഉരുക്കൾക്ക് ചികിത്സ, ആവശ്യമായ മരുന്നുകൾ, പ്രതിരോധ കുത്തിവയ്പുകൾ, കൃത്രിമ ബീജധാനം എന്നിവ സൗജന്യമായി ലഭിക്കുന്നു. കൂടുതൽ സേവനം വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യപരിപാലന ക്യാമ്പുകൾ സംഘടിപ്പിച്ച് കർഷകർക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സ, സംശയ ദുരീകരണം എന്നിവ നൽകിവരുന്നു.

11. രാത്രികാലങ്ങളിൽ അടിയന്തര ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 25 ബ്ലോക്കുകളിൽ കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിച്ചുകൊണ്ട് നടപ്പിലാക്കി വരുന്ന 'രാത്രികാല മൃഗചികിത്സാ സേവനം' കർഷകർക്ക് ഉപകാരപ്രദമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കർഷകരുടെ ഉരുക്കൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു.

12. സംസ്ഥാനത്ത് കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ മരണപ്പെടുന്നതിൽ സമിതി ആശങ്കപ്പെടുന്നു. സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിലാണ് കുളമ്പുരോഗം വ്യാപകമായ രീതിയിൽ പടർന്നു പിടിച്ചതെന്നും എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികളുണ്ടെങ്കിലും ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കാനോ രോഗം നിയന്ത്രിക്കാനോ സാധിക്കുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. രോഗം ബാധിച്ച് ഒരു കന്നുകാലി മരിക്കുമ്പോൾ ഒരു കുടുംബത്തിന്റെ വരുമാനമാർഗ്ഗം ഇല്ലാതാകുകയും അത് കുടുംബത്തിന്റെ നിലനില്പിനെത്തന്നെ ബാധിക്കുകയും ചെയ്യുന്നതായി സമിതി നിരീക്ഷിക്കുന്നു. ഓണം, റംസാൻ തുടങ്ങിയ കാലങ്ങളിൽ ഇറച്ചിക്ക് കൂടുതൽ ആവശ്യം ഉണ്ടാകുമെന്നതുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾവഴി കന്നുകാലികളെ കൊണ്ടുവരുന്നതിനുള്ള നിയന്ത്രണം പിൻവലിച്ചതുമൂലം കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നും രോഗബാധയുള്ള കന്നുകാലികൾ കേരളത്തിൽ എത്തുന്നതിനും രോഗബാധ പടരുന്നതിനു കാരണമായതായി സമിതി വിലയിരുത്തുന്നു. കുളമ്പുരോഗം തടയുന്നതിനുള്ള വാക്സിനുകൾ ആവശ്യത്തിന് കിട്ടാതിരുന്നത് രോഗബാധ വർദ്ധിക്കുന്നതിന് കാരണമായതായും അവ ശരിയായ ഊഷ്മാവിൽ സൂക്ഷിക്കാതിരുന്നതുമൂലം വീര്യം നഷ്ടപ്പെട്ട വാക്സിൻ കുത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടായതായും തന്മൂലം വാക്സിനേഷൻ നടത്തിയ കന്നുകാലികൾക്കും രോഗം വരുന്ന തിനിടയായതായും സമിതി നിരീക്ഷിക്കുന്നു. വാക്സിന്റെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളില്ലെന്നും വാക്സിൻ കുത്തിവച്ച് പതിനഞ്ചു ദിവസം കഴിഞ്ഞാൽ മാത്രമേ അതിന്റെ ഫലം മനസ്സിലാക്കാൻ സാധിക്കുകയുള്ളുവെന്നും, വാക്സിൻ നൽകേണ്ട സമയത്ത് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സമരം നടന്നത് രോഗം പടരുന്നതിന് കാരണമായതായും സമിതി മനസ്സിലാക്കുന്നു.

13. കുളമ്പുരോഗം ബാധിച്ച് പശു, ആട്, പന്നി എന്നിവ ഉൾപ്പെടെ നിരവധി വളർത്തുമൃഗങ്ങൾ ഇതുവരെ സംസ്ഥാനത്ത് മരണപ്പെട്ടിട്ടുണ്ടെന്നും രോഗബാധമൂലം കന്നുകാലി മരിക്കാനിടയായാൽ നഷ്ടപരിഹാരം നൽകുന്നതിന് 5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കുളമ്പുരോഗം വ്യാപകമായി കണ്ടതിനാൽ വീണ്ടും ചെക്ക് പോസ്റ്റുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണെന്നും ഇപ്പോൾ രോഗം നിയന്ത്രണ വിധേയമായിട്ടുണ്ടെന്നും മികച്ച രീതിയിലുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും ഇത്തരം രോഗങ്ങളെ സംബന്ധിച്ച് ക്ഷീരകർഷകർക്ക് ആവശ്യമായ നിർദ്ദേശവും കന്നുകാലികൾക്കാവശ്യമായ ചികിത്സയും മൃഗാശുപത്രികൾവഴി നൽകുന്നുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു.

14. കുളമ്പുരോഗത്തെക്കുറിച്ചും അതിന്റെ രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും വകുപ്പ് നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും ക്ഷീരകർഷകരെ ബോധവൽക്കരിക്കുന്നതിനും രോഗപ്രതിരോധത്തിനു സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽനിന്നും രോഗപ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് പത്രമാധ്യമങ്ങളിൽ അറിയിപ്പ് നൽകിയിരുന്നെന്നും രോഗം ഇപ്പോൾ നിയന്ത്രണ വിധേയമായിട്ടുണ്ടെന്നും മൃഗസംരക്ഷണ വകുപ്പിലെ നാല് അഡീഷണൽ ഡയറക്ടർമാരുടെ കീഴിൽ നാല് സോൺ രൂപീകരിച്ച് ടാസ്ക്ഫോഴ്സ് ഉണ്ടാക്കിയിട്ടുണ്ടെന്നും എവിടെയെങ്കിലും രോഗം റിപ്പോർട്ട് ചെയ്താൽ ആ പ്രദേശത്തെ മൃഗാശുപത്രിക്കടുത്ത് ജില്ലാതലത്തിലുള്ള മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ നേരിട്ടു പോയി വാക്സിനേഷനും

മരുന്നും കൊടുക്കുകയാണ് ചെയ്യുന്നതെന്നും മരുന്ന് എല്ലാ ജില്ലകളിലും ലഭ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. രോഗബാധമൂലം ഒരു പശു മരിക്കുകയാണെങ്കിൽ കർഷകന് 20,000 രൂപയും പശുവിന് പാൽ കുറയുകയാണെങ്കിൽ നഷ്ടപരിഹാരമായി ഒരു മാസം നാല് പായ്ക്കറ്റ് കാലിത്തീറ്റയും നൽകുന്നു.

15. കുളമ്പുരോഗം തടയുന്നതിൽ ആവശ്യമായ വാക്സിനുകൾ കൃത്യമായി ലഭ്യമാക്കുന്നതിലും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലും വകുപ്പുതലത്തിൽ ഫലപ്രദമായ നടപടികൾ തുടർന്നും കൈക്കൊള്ളണമെന്നും ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പുവരുത്തണമെന്നും രോഗബാധമൂലം കന്നുകാലികൾ മരിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകാൻ കാലതാമസമുണ്ടാകരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കന്നുകാലി പ്രജനന നയം**

16. മെച്ചപ്പെട്ട സങ്കരയിനം ഉരുക്കുകളെ സൃഷ്ടിക്കുന്നതിനായി പശുക്കൾക്ക് കൃത്രിമ ബീജദാനം സൗജന്യമായി നൽകിവരുന്നു. ഓരോ സ്പീഷീസിനെയും ക്രോസ് ബ്രീഡ് ചെയ്യുമ്പോൾ പാൽ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിവരുന്നതെന്നും എന്നാൽ അതോടൊപ്പം രോഗപ്രതിരോധശേഷിയുള്ള സ്പീഷീസിനെ ഉൽപ്പാദിപ്പിക്കുന്നതിന് തുല്യപ്രാധാന്യം നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കർഷക രജിസ്ട്രേഷൻ**

17. കർഷകർക്കായുള്ള പദ്ധതികളുടെ ഭാവനാപൂർണ്ണമായ ആസൂത്രണത്തിനും കർഷകർക്ക് സർക്കാർ സഹായങ്ങൾ കൃത്യമായി നൽകുന്നതിനും കർഷകരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കർഷക രജിസ്ട്രേഷന് പ്രത്യേക നിബന്ധനകളൊന്നുമില്ലെന്നും പശു വളർത്തുന്ന ഏതൊരു കർഷകനും രജിസ്ട്രേഷൻ ചെയ്യാവുന്നതാണെന്നും എല്ലാവരുംതന്നെ ഇപ്പോൾ രജിസ്ട്രേഷൻ ചെയ്യുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ഇക്കാര്യങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കുവാനാവശ്യമായ നടപടികൾ കൂടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സംരംഭകത്വ വികസന പദ്ധതി**

18. ഒരു സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതി പ്രകാരം ശാസ്ത്രീയമായ രീതിയിൽ മൃഗങ്ങളെ വളർത്തുന്നതിലും പാൽ ഉൽപ്പന്നനിർമ്മാണം, ഇറച്ചി സംസ്ക്കരണം എന്നിവയിലും പരിശീലനം നൽകിവരുന്നതായും സമിതി മനസ്സിലാക്കുന്നു. പദ്ധതി കൂടുതൽ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

# കർഷകർക്ക് ആട്, കോഴി, താറാവ്, മുയൽ, പന്നി എന്നിവ വളർത്തുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതികൾ

**താറാവ് വളർത്തൽ**

19. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്ന പ്രസ്തുത പദ്ധതിയിൽ താറാവ് വളർത്തൽ യൂണിറ്റ് നടപ്പാക്കുന്നതിന് ഒരു കർഷകന് 50,000 രൂപ ധനസഹായം ലഭ്യമാക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു.

**സ്കൂൾ കുട്ടികൾക്ക് കോഴിവളർത്തൽ പദ്ധതി**

20. പ്രസ്തുത പദ്ധതി പ്രകാരം ഇപ്പോൾ തെരഞ്ഞെടുത്ത സ്കൂളുകളിലെ 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും രണ്ടുമാസം പ്രായമുള്ള അഞ്ച് കോഴിക്കുഞ്ഞുങ്ങളും തീറ്റയും സൗജന്യമായി നൽകുന്നുണ്ടെന്നും ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികൾക്കും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു.

**കേന്ദ്രസഹായത്തോടെ പിന്നാമ്പുറം കോഴിവളർത്തൽ പദ്ധതി**

21. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ഗ്രാമീണമേഖലയിൽ വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതി പ്രകാരം 45 കോഴിക്കുഞ്ഞുങ്ങളെ വീതം വളർത്തുന്നതിനും ഇതിനാവശ്യമായ കൂട് നിർമ്മിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു.

**ആട് പ്രജനന യൂണിറ്റ്**

22. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം ഒരു ഉപഭോക്താവിന് 5 പെൺ ആടും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റിന് 25,000 രൂപ ധനസഹായം നൽകിവരുന്നു.

**കന്നുകുട്ടി പരിശീലന പദ്ധതി**

23. സംസ്ഥാനത്തെ സങ്കരയിനം പശുക്കുട്ടികളെ ശാസ്ത്രീയരീതിയിൽ പരിപാലിക്കുന്നതിന് കർഷകർക്ക് സൗജന്യനിരക്കിൽ തീറ്റ, ഇൻഷ്വറൻസ്, ആരോഗ്യ പരിരക്ഷ എന്നിവ ലഭ്യമാക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം ഒരു കർഷകന് 12,500 രൂപ സബ്സിഡിയിനത്തിൽ നൽകിവരുന്നു.

**പതിമൂന്നാം ധനകാര്യ കമ്മീഷൻ**

24. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഭാഗമായി കന്നുകുട്ടികൾക്ക് സബ്സിഡി യിനത്തിൽ തീറ്റ ലഭ്യമാക്കുന്ന പദ്ധതിയനുസരിച്ച് ഒരു ഗുണഭോക്താവിന് 12,500 രൂപയുടെ ധനസഹായം ലഭിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

**കുട്ടനാട് പാക്കേജ്-13-ാം ധനകാര്യ കമ്മീഷൻ**

25. കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ എരുമ വളർത്തൽ, കന്നുകാലി വളർത്തൽ, താറാവ് വളർത്തൽ, സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുവള മിശ്രിതവും ലഭ്യമാക്കൽ എന്നിവ നടപ്പിലാക്കി വരുന്നു.

26. എരുമ വളർത്തൽ പദ്ധതി അനുസരിച്ച് ഒരു ഗുണഭോക്താവിന് എരുമ വാങ്ങുന്നതിന് 30,000 രൂപയുടെ ധനസഹായവും കന്നുകാലി വളർത്തൽ പദ്ധതി അനുസരിച്ച് ഒരു ഗുണഭോക്താവിന് രണ്ടു കറവപ്പശുക്കളടങ്ങിയ ഒരു യൂണിറ്റിന് 30,000 രൂപയുടെ ധനസഹായവും ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്ന താറാവ് വളർത്തൽ പദ്ധതിയനുസരിച്ച് 14,250 രൂപയുടെ ധനസഹായവും ലഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു.

**ആർ.കെ.വി.വൈ.-നിറവ് പദ്ധതി**

27. പ്രസ്തുത പദ്ധതിയിൻകീഴിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും കൂത്തുപറമ്പ്, പത്തനാപുരം, ചെങ്ങന്നൂർ, തൊടുപുഴ, പാല, കോട്ടയ്ക്കൽ, കൊടുങ്ങല്ലൂർ, കൽപ്പറ്റ, നാദാപുരം എന്നീ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന കിടാരി വളർത്തൽ പദ്ധതിയുടെ കീഴിൽ രണ്ട് കിടാരികൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് ഒരു ഉപഭോക്താവിന് 34,000 രൂപയുടെ ധനസഹായം ലഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു.

28. 1000 സ്കൂൾ കുട്ടികൾക്ക് പെൺ ആട്ടിൻകുട്ടികളെ വിതരണം ചെയ്യുന്ന സ്കൂൾ ഗോട്ട് ക്ലബ്ബ് പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിക്ക് 3,000 രൂപയുടെ സഹായമാണ് ലഭിക്കുന്നതെന്നും പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി പ്രകാരം 3000 ഗുണഭോക്താക്കൾക്ക് 10 കോഴികളെ വീതം നൽകുന്നുണ്ടെന്നും മലബാറി ആടു വളർത്തൽ പ്രോത്സാഹന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 7,000 രൂപയുടെ സഹായം നൽകുന്നുണ്ടെന്നും പ്രസ്തുത പദ്ധതി തൊടുപുഴ നിയോജകമണ്ഡലത്തിലാണ് നടപ്പാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ പാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പന്നി വളർത്തൽ പദ്ധതിയുടെ കീഴിൽ 300 ഗുണഭോക്താക്കൾക്ക് 5,000 രൂപയുടെ ധനസഹായം നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

**ഇടുക്കി പാക്കേജ്**

29. ഇടുക്കി പാക്കേജിന്റെ ഭാഗമായി 15000 ഗുണഭോക്താക്കൾക്ക് ഒരു കിടാരി വീതം നൽകുന്ന കിടാരി വളർത്തൽ പദ്ധതി അനുസരിച്ച് ഓരോ ഉപഭോക്താവിനും 8,000 രൂപ വീതം സഹായം ലഭിക്കുമെന്നും 18000 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ തീറ്റ നൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 9,583 രൂപ ധനസഹായമായി ലഭിക്കുന്നതാണെന്നും ആടുവളർത്തൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 2,690 രൂപയുടെ സഹായം ലഭിക്കുമെന്നും സമിതി മനസ്സിലാക്കുന്നു.

**കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ**

30. സമിതി കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിൽനിന്നും കോർപ്പറേഷൻ മുഖേന ഗ്രാമീണ വനിതകൾക്ക് ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ നടപ്പിലാക്കുന്ന 'ഗ്രാമം നിറയെ കോഴികൾ' പദ്ധതി അനുസരിച്ച് പഞ്ചായത്ത് സമിതി തെരഞ്ഞെടുക്കുന്ന ഓരോരുത്തർക്കും 5 കോഴി, 10 കിലോ തീറ്റ, 20 രൂപയുടെ മരുന്ന്, കോഴി വളർത്തലിൽ ഒരു ദിവസത്തെ പരിശീലനം എന്നിവ നൽകി വരുന്നുവെന്നും വനിതകൾക്ക് ഒരു അധിക വരുമാനമാർഗ്ഗം എന്ന നിലയിൽ നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയായ 'കോഴി വളർത്തൽ ഗ്രാമങ്ങൾ' പ്രകാരം തെരഞ്ഞെടുത്ത ഓരോ പഞ്ചായത്തിലെയും 2500 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ 3500 വനിതാ ഉപഭോക്താക്കൾക്ക് ഓരോരുത്തർക്കും 4 കോഴി, 5 കിലോ തീറ്റ, 25 രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്ന 'കെപ്കോ ഗ്രാമങ്ങൾ' എന്ന പദ്ധതിയുടെ പ്രയോജനം ഏകദേശം എല്ലാ വനിതകൾക്കും ലഭ്യമാകുമെന്നതിനാൽ ആയത് നല്ല സംരംഭമാണെന്നും സമിതി വിലയിരുത്തുന്നു.

31. 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' പദ്ധതിയനുസരിച്ച് ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥിക്കും 3 കോഴി, 3 കിലോ തീറ്റ, 20 രൂപയുടെ മരുന്ന് എന്നിവയും 'കെപ്കോ നഗരപ്രിയ' പദ്ധതിയനുസരിച്ച് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ നഗരപരിധിക്കുള്ളിലെ ഓരോ ഗുണഭോക്താവിനും 5 കോഴി, ആധുനിക രീതിയിലുള്ള കൂട്, 5 കിലോ തീറ്റ, മരുന്ന് എന്നിവയും നൽകുന്നു. വിധവകൾക്കും അശരണരായ സ്ത്രീകൾക്കും ഒരു ചെറിയ ഉപജീവനമാർഗ്ഗമെന്ന നിലയിൽ നടപ്പിലാക്കിവരുന്ന 'കെപ്കോ ആശ്രയ' പദ്ധതിയും 45 കോഴികളെ വിതരണം ചെയ്യുന്ന 'റൂറൽ ബാക്ക്യാർഡ് പൗൾട്രി'പദ്ധതിയും 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഷെഡ് സ്വന്തമായുള്ള കർഷകർക്കായി 'ഇന്റഗ്രേഷൻ ഫാമിംഗ്' പദ്ധതിയും കോർപ്പറേഷൻ നടപ്പിലാക്കുന്നു.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**

32. സംസ്ഥാനത്ത് ആവശ്യമായ മാംസവും മാംസ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിലും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് ശ്രദ്ധ ചെലുത്തുന്നുവെന്നും പന്നി വളർത്തൽ നടത്തുന്ന കർഷകർ ഉൽപ്പാദിപ്പിക്കുന്ന പന്നികളെ വിപണനം ചെയ്യുന്നതിന് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ സഹായം നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

33. സമിതി ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കീഴിൽ നടന്നു വരുന്ന പദ്ധതികളെക്കുറിച്ച് ചർച്ച നടത്തിയതിൽനിന്നും വർഷംതോറും 500 പുതുസംരംഭകർക്ക് മൃഗസംരക്ഷണം ലാഭകരമായ ഉപജീവനമാർഗ്ഗമാക്കുന്നതിനാവശ്യമായ പരിശീലനം കെ.എൽ.ഡി. ബോർഡ് മുഖേന നൽകിവരുന്നുണ്ടെന്നും ഏറ്റവും നല്ല മലബാറി ആടുകളെ തെരഞ്ഞെടുത്ത് കർഷകർക്ക് മിതമായ നിരക്കിൽ നൽകുന്നതിനായും

വിദേശ ജനുസ്സിൽപ്പെട്ട മികച്ച പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ നൽകുന്നതിനായുമുള്ള പദ്ധതികൾ കെ.എൽ.ഡി. ബോർഡും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

34. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കർഷകർക്ക് സൗജന്യമായി പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും പ്രായമാകുമ്പോൾ മാർക്കറ്റ് വില നൽകി അവരിൽനിന്ന് പന്നികളെ തിരികെ വാങ്ങുകയും ചെയ്യുന്നു.

35. സംസ്ഥാനത്ത് കന്നുകാലികൾ കൂടുതലുള്ളതും, കുടുംബശ്രീ പ്രവർത്തനങ്ങൾ സജീവമായതുമായ ജില്ലകളിൽ തെരഞ്ഞെടുത്ത ഒരു ഏക്കർ വീതമുള്ള മോഡൽ തീറ്റപ്പുൽകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്നുണ്ടെന്നും ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് കർഷകർക്ക് 15,000 രൂപയും അതിനുവേണ്ട പരിശീലനവും നൽകിവരുന്നുണ്ടെന്നും കൂടുതൽ തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് 55% സബ്സിഡിയോടെ ഷാഫ്കട്ടർ നൽകി വരുന്നുണ്ടെന്നും സൈലേജ് പിറ്റ് നിർമ്മാണത്തിനായി 75,000 രൂപ വരെ ധനസഹായം നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് കർഷകർക്കാവശ്യമായ സഹായം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്കായി സ്റ്റുഡന്റ്സ് ഗോട്ട് ക്ലബ്ബ് രൂപീകരണവും ആട് വിതരണവും, പശുക്കളെ ദത്തെടുക്കുന്നതിനുള്ള പദ്ധതി എന്നീ പുതിയ രണ്ടു പദ്ധതികൾ 2014-15 വർഷം നടപ്പിലാക്കുന്നതിനായി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

37. കേരള ഫീഡ്സ് ലിമിറ്റഡ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് നടത്തിയ ചർച്ചയിൽനിന്നും കേരള ഫീഡ്സ് ലിമിറ്റഡ് ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റയും ധാതുലവണ മിശ്രിതവും ലഭ്യമാക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കേരളത്തിൽ പ്രതിദിനം വിറ്റഴിയുന്ന 2500 ടൺ കാലിത്തീറ്റയിൽ 1000 ടൺ വിതരണം ചെയ്യുന്നത് കേരള ഫീഡ്സ് ലിമിറ്റഡാണെന്നും ആയതിന്റെ സാമ്പിൾ ലാബുകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ടെന്നും എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്താനാകുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. കാലിത്തീറ്റയുടെ ഗുണനിലവാരമില്ലായ്മമൂലം പാലിന്റെ അളവ് കുറയുന്നുവെന്ന പരാതി വ്യാപകമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

38. ആയതിനാൽ കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ലാബ് സംവിധാനം ഏർപ്പെടുത്തണമെന്നും ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. വർഷംമുഴുവനും തീറ്റപ്പുൽ ഉത്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും കഴിയുന്നതരത്തിൽ തീറ്റപ്പുൽ ബ്ലോക്ക്/കംപ്ലീറ്റ് ഫീഡ് ബ്ലോക്ക് നിർമ്മാണ യൂണിറ്റും ബ്രോയിലർ ആവശ്യത്തിനായുള്ള ആടുവളർത്തലിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്ന തിനായി ബ്രോയിലർ ആടുവളർത്തൽ യൂണിറ്റും സ്ഥാപിക്കുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡിന് പദ്ധതിയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ബ്രോയിലർ മുയൽ വളർത്തൽ യൂണിറ്റ്, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ സുൽത്താൻ ബത്തേരിയിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക മൾട്ടീ സ്പീഷീസ് അറവുശാല എന്നിവയും കേരള ഫീഡ്സിന്റെ പദ്ധതികളാണെന്ന് സമിതി നിരീക്ഷിക്കുന്നു.

**കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

40. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി സംബന്ധിച്ച് നടന്ന ചർച്ചയിൽ മൃഗസംരക്ഷണ മേഖല നേരിടുന്ന വിവിധ വെല്ലുവിളികൾക്ക് ഗവേഷണങ്ങളിലൂടെ പരിഹാരം കണ്ടെത്തുന്നതിനും അതു സംബന്ധിച്ച അറിവ് കർഷകരിലേയ്ക്ക് പകർന്നു നൽകുവാനും സർവ്വകലാശാല അതീവശ്രദ്ധ പുലർത്തുന്നു ണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടുതൽ ചെറുപ്പക്കാരെ പ്രസ്തുത മേഖലയിലേക്ക് ആകർഷിക്കുവാനും അവർക്ക് ലാഭകരമായ തൊഴിൽ ഉറപ്പുവരുത്തുന്നതിനുമുള്ള സർവ്വകലാശാലയുടെ പരിശ്രമം തുടരണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

41. വെറ്ററിനറി കോളേജ് ഇല്ലാത്ത പ്രദേശങ്ങളിൽ പ്രാതിനിധ്യസ്വഭാവവും ആവശ്യകതയും മുൻനിർത്തി വെറ്ററിനറി കോളേജ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന ജനോപകാരപ്രദമായ എല്ലാ പദ്ധതികളെയും സമിതി അംഗീകരിക്കുകയും അവയുടെ വിജയകരമായ നടത്തിപ്പിലൂടെ കാർഷികാഭിവൃദ്ധിയും സാമൂഹിക പുരോഗതിയും കൈവരിക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2014 നവംബർ 26.